**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 772** **24-02-2022 - ൽ മറുപടിയ്ക്ക്**

**ഓവർസീസ് സ്കോളർഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പിന്നാക്ക സമുദായ ക്ഷേമ വകുപ്പിന്റെ 2021-22 വർഷത്തെ ഓവർസീസ് സ്കോളർഷിപ്പിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | (എ) | 2021-22 വർഷത്തെ ഓവർസീസ് സ്കോളർഷിപ്പിന് ആകെ 363 അപേക്ഷകൾ ലഭിച്ചിരുന്നു. |
| (ബി) | 2021-22 വർഷത്തെ ഓവർസീസ് സ്കോളർഷിപ്പ് നൽകുന്നതിനുള്ള നടപടിക്രമങ്ങളുടെ തൽസ്ഥിതി വിവരം ലഭ്യമാക്കാമോ; | (ബി) | ഒരു വർഷം 20 വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. ഗവൺമെന്റ് സെക്രട്ടറി അദ്ധ്യക്ഷനായ സെലക്ഷൻ കമ്മിറ്റി 20 പേരെ മുഖ്യപട്ടികയിലും 20 പേരെ സാധ്യതാ പട്ടികയിലും ഉൾപ്പെടുത്തി തെരഞ്ഞെടുക്കുകയും സർക്കാർ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത സ്കോളർഷിപ്പ് നൽകുന്നതിന് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അടിയന്തരമായി സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ